**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1567** **01/11/2019- ൽ മറുപടിയ്ക്ക്**

## പച്ചത്തേങ്ങ സംഭരണ പദ്ധതി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| | **ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.കെ.വി. വിജയദാസ്**<br>**ശ്രീ.ഡി.കെ. മുരളി** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) | പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) പച്ചത്തേങ്ങ സംഭരണം പുനരാവിഷ്കരിച്ചിട്ടുണ്ട്. കേരഫെഡിനെയാണ് സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി സർക്കാർ തെരഞ്ഞെടുത്തിരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, കേന്ദ്ര നാളികേര വികസന ബോർഡിന് കീഴിലുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ, ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ എന്നിവ മുഖേന കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരം ഉണക്കി ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി മാറ്റി കേരഫെഡിന് നൽകുന്ന രീതിയിലാണ് സംഭരണം നടത്തുന്നത്. |
| (ബി) | പച്ചത്തേങ്ങ സംഭരണ പദ്ധതിയ്ക്കായുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള സംഭരണ ഏജൻസികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (സി) പച്ചത്തേങ്ങ സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി കേരഫെഡിനെയും കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനായി നാഫെഡിനെയുംആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | പദ്ധതി പ്രകാരമുള്ള സംഭരണ വില എപ്രകാരമാണെന്ന് വ്യക്തമാക്കാമോ? | (ഡി) സംഭരണ വിലയായി പച്ചത്തേങ്ങ കിലോഗ്രാമിന് 27/- രൂപയാണ് കർഷകന് നൽകുന്നത്. |

Sunilathan

**സെക്ഷൻ ഓഫീസർ**